# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **210/2026** തീയതി : **06/10/2026**

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റിവച്ചു

കേരള സർവകലാശാല 2026 ഒക്ടോബർ 07 ന് ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി, 08 ന് ആരംഭിക്കാനിരുന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബികോം/ബിബിഎ എൽഎൽബി എന്നീ ഡിഗ്രി പരീക്ഷകളിൽ 07.10.2026, 08.10.2026 ദിവസങ്ങളിലെ പരീക്ഷകൾ മാത്രം മാറ്റിവച്ചിരിക്കുന്നു. മാറ്റിവച്ച പരീക്ഷകൾ യഥാക്രമം ഒക്ടോബർ 26, 27 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റ് ദിവസത്തെ പരീക്ഷകൾക്ക് മാറ്റമില്ല.

### പരീക്ഷാഫലം

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ എൽഎൽഎം പബ്ലിക് ലോ ആന്റ് ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് 2024 – 2026 (സി.എസ്.എസ്. കാര്യവട്ടം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### ടൈംടേബിൾ

കേരള സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ, ബിഎസ്‌സി, ബികോം, ബിബിഎ, ബിസിഎ, ബിപിഎ, ബിഎംഎസ്, ബിഎസ്ഡബ്ല്യൂ എന്നീ സി.ബി.സി.എസ്.എസ്. (സപ്ലിമെന്ററി – 2022 & 2023 അഡ്മിഷൻ, മേഴ്സി ചാൻസ് – 2014 – 2016 അഡ്മിഷൻ) ഒക്ടോബർ 2026 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2026 ജനുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബിബിഎ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 ഒക്ടോബർ 08 മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

### കേരള സർവകലാശാല ഫിനാൻസ് കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച്

കേരള സർവകലാശാല ഫിനാൻസ് കമ്മിറ്റിയിലേക്ക്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ എന്നിവയിൽ നിന്നുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർ പട്ടിക സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുത്തലുകൾ, ഒഴിവാക്കലുകൾ, കൂട്ടിച്ചേർക്കലുകൾ എന്നിവക്കുള്ള അപേക്ഷകൾ 19.10.2026 നകം സർവകലാശാല രജിസ്ട്രാർ/റിട്ടേർണിംഗ് ഓഫീസറിന് സമർപ്പിക്കേണ്ടതാണ്.

**വന്ദന മോഹൻദാസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:** ku.release@keralauniversity.ac.in

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in
***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**